(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-4/159 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:26.03.2019
PH:04862 227332
E-mail:doidk.ksad@kerala.gov.in

## സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന നഗരസഭ

സർ,

വിഷയം :- **കട്ടപ്പന നഗരസഭ** -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [1997-ലെ കേരള നഗരപാലിക-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15(2) കാണുക].

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ നഗരപാലിക പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

## സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്.
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി(ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-4/159/2019 തീയതി:26.03.2019

# ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12.09.2017 മുതൽ 17.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി.എൽ.സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2019 മുതൽ 28.02.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലേഖ വി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹസിൻ ഫൈസൽ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഭിലാഷ് എം.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി, ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ. മനോജ് എം. തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി-ഇൻ ചാർജ്ജ് | ശ്രീ. കെ കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ സണ്ണി പി.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ബോൺസി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാജമ്മ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | ഡോ. മെജോ മഹേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | ഡോ. ആൻസി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മണിയമ്മ എസ്. ജെ. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലാൽ ജി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ഭാഗം-1 | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ(സേവന പെൻഷൻ സോഫ്റ്റ് വെയർ പ്രകാരം) | 1-8 |
| | | |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | അറവുശാലയിൽ നിന്നുമുള്ള പിരിവ് തുക നഗരസഭയിൽ ഒടുക്കുന്നതിൽ ഗുരുതര വീഴ്ച. | 2-1 |
| 14 | പെർമിറ്റില്ലാത്ത അഞ്ച് നില കെട്ടിടത്തിൽ ചട്ടവിരുദ്ധമായി ആശുപത്രി പ്രവർത്തിക്കുന്നു | 2-2 |
| 15 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 2-3 |
| 16 | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല – തൊഴിൽ നികുതി ഇനത്തിൽ വരുമാനം നഷ്ടമാകുന്നു. | 2-4 |
| 17 | ലേല നടപടികളിലെ അപാകതകൾ | 2-5 |
| 18 | കംഫർട്ട് സ്റ്റേഷൻ - നിരക്കുകൾ എഴുതി പ്രദർശിപ്പിക്കുന്നില്ല. | 2-6 |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-7 |
| 20 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല. | 2-8 |
| 21 | കൃഷി ഓഫീസർ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 2-9 |
| | ഭാഗം-3 | |
| 22 | ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണിക്ക് ക്വോട്ട് ചെയ്തതിൽ അധികമായി തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-1 |
| 23 | കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവ് പിഴപലിശ ഒടുക്കിയത് അംഗീകരിക്കുന്നില്ല | 3-2 |
| 24 | ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികൾ-സർക്കാർനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 3-3 |
| 25 | അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ അധികവും നടപ്പാക്കിയില്ല. | 3-4 |
| 26 | കുടിവെള്ളവിതരണം ചെലവ് വരങ്ങൾ ലഭ്യമാക്കിയില്ല | 3-5 |
| 27 | ലൈബ്രറിസെസ്സ് സമയബന്ധിതമായി ഒടുക്കുന്നില്ല | 3-6 |
| 28 | കുടുംബശ്രീ കോട്ടൺ ക്യാരീ ബാഗ് യൂണിറ്റ് പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-7 |
| 29 | ആസൂത്രണത്തിലെ അപാകത മൂലം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചില്ല. - | 3-8 |
| 30 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല | 3-9 |
| 31 | ദേശീയ നഗര ഉപജീവനമിഷൻ(എൻ.യു.എൽ.എം) | 3-10 |
| 32 | തീറ്റപ്പുൽകൃഷിക്ക് സബ്സിഡി-സ്ഥല വിസ്തൃതിക്ക് ആനുപാതികമായി നൽകിയില്ല. | 3-11 |
| 33 | ധനസഹായം ഗുണഭോക്താക്കൾക്ക് കൈമാറിയ രേഖ ഹാജരാക്കിയില്ല | 3-12 |
| 34 | കൃഷി ഓഫീസർ ഫയലുകൾ ലഭ്യമാക്കിയില്ല. | 3-13 |
| | ഭാഗം-4 | |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 38 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 46 | വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | അനുബന്ധം-2 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-2018 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 27.03.2018-ൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം മുന്നിരിപ്പ് ₹3,86,15,362/- വരവ് ₹39,39,61,500/-, ചെലവ് ₹37,79,21,500/-, നീക്കിയിരിപ്പ് ₹5,46,55,362/- ആകുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.07.2017 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 06.08.18 – 08.08.18 | കെ.എസ്.എ.ഐ.ഡി.കെ-3/677/2018(54)<br>തീയതി 29.8.2017 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,28,83,253/- |
| | |

| | |
|---|---|
| വരവ് | ₹ 20,10,96,207/- |
| ആകെ | ₹ 21,39,79,460/- |
| ചെലവ് | ₹ 18,75,61,498/- |
| നീക്കിയിരിപ്പ് | ₹ 2,64,17,962/- |

# 1-5 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 34844000 | 34844000 | 32556458 | 2287542 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 5759000 | 5759000 | 2906462 | 2852538 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 1209736 | 1209736 | 423235 | 786501 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15969093 | 15969093 | 11462329 | 4506764 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 10963432 | 10963432 | 10906218 | 57214 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 5796896 | 5796896 | 5672665 | 124231 |
| ബി-ഫണ്ട് | 0 | 54963440 | 54963440 | 54963440 | 0 |
| എൻ.യു.എൽ.എം | 5198420 | 33873235 | 39071655 | 38575785 | 495870 |
| പി.എം.എ.വൈ. | 0 | 10640000 | 10640000 | 1283162 | 9356838 |
| തനത് ഫണ്ട്(ഐ.ഡി.സി.ബി) | 5225881 | 0 | 5225881 | 14451157 | (-)9225276 |
| ആകെ | 10424301 | 44513235 | 54937536 | 54310104 | 627432 |
| ഗുണഭോക്തൃ വിഹിതം | 1896135 | 10592799 | 12488934 | 12203500 | 285434 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 8459640 | 50000 | 8509640 | 0 | 8509640 |
| തനത് ഫണ്ട്- ട്രഷറി (ജനറൽ പർപ്പസ് ഗ്രാന്റ്) | 2672112 | 14418000 | 17090112 | 16003842 | 1086270 |
| ഡെപ്പോസിറ്റ് | 36567170 | 6155575 | 42722745 | 1475993 | 41246752 |
| വാറ്റ് | 2151 | 3109 | 5260 | 3109 | 2151 |
| ക്ഷേമനിധി വിഹിതം | 475 | 0 | 475 | 0 | 475 |
| ലൈബ്രറി സെസ് | 1150064 | 811528 | 1961592 | 0 | 1961592 |
| പുവർ ഹോം സെസ് | 513 | 0 | 513 | 0 | 513 |
| സർവ്വീസ് ടാക്സ് | 31134 | 1684045 | 1715179 | 1683190 | 31989 |
| ലക്ഷ്വറി ടാക്സ് | 26750 | 72120 | 98870 | 46269 | 52601 |
| തനത് ഫണ്ട് | -48617169 | 57976677 | 9359508 | 37810888 | -28451380 |
| കെ.യു.ആർ.ഡി.എഫ്. | 66536 | 2479 | 69015 | 0 | 69015 |
| ദുരിതാശ്വാസ നിധി | 4437 | 225 | 4662 | 0 | 4662 |
| പേപ്പർ ബാഗ് പദ്ധതി | 8318 | 421 | 8739 | 0 | 8739 |
| സ്വച്ഛഭാരത് | 103627 | 0 | 103627 | 97236 | 6391 |
| പൈക്ക | 58948 | 0 | 58948 | 0 | 58948 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 28111 | 1423 | 29534 | 0 | 29534 |
| പണം | 0 | 887204 | 887204 | 0 | 887204 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 339 | 181378715 | 211 | 77852315 | 0 | 128 | 42.93 |

## പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് % |
|---|---|---|---|---|---|---|
| സെക്രട്ടറി | 39 | 29 | 10 | 76494346 | 23973248 | 31.34 |
| മുൻസിപ്പൽഎഞ്ചിനിയർ | 276 | 164 | 112 | 83558430 | 38044338 | 45.53 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 0 | 1050000 | 1050000 | 100.00 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 0 | 250000 | 250000 | 100.00 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | 4 | 3 | 1 | 2000000 | 1950000 | 97.50 |
| വെറ്ററിനറി സർജൻ | 6 | 5 | 1 | 2950000 | 2489500 | 84.39 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 2 | 10911654 | 8703849 | 79.77 |
| കൃഷി ഓഫീസർ | 4 | 2 | 2 | 4134285 | 1391380 | 33.65 |
| ആകെ | 339 | 211 | 128 | 181348715 | 77852315 | 42.93 |

# 1-7 തൊഴിലുറപ്പ് പദ്ധതി

തൻവർഷം തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ വരവ്-ചെലവുകളില്ല.

# 1-8 ക്ഷേമപദ്ധതികൾ(സേവന പെൻഷൻ സോഫ്റ്റ് വെയർ പ്രകാരം)

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21240 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 1925500 | 169 |
| വിധവാപെൻഷൻ | 13245300 | 1141 |
| വാർദ്ധക്യകാലപെൻഷൻ | 35598600 | 2843 |
| വികലാംഗപെൻഷൻ | 4004900 | 330 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 167900 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹388870/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമായി നടപ്പാക്കി വരുന്നില്ല. സ്ഥിരമായി സെക്രട്ടറി ഇല്ലാത്തത് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്. 06.06.2017 മുതൽ വിവിധ ജൂനിയർ സൂപ്രണ്ടുമാർ സെക്രട്ടറിയുടെ ചാർജ് വഹിച്ചു വരികയാണ്. പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ദാരിദ്ര്യ നിർമ്മാർജന പ്രോജക്ട് ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെയൊന്നും സേവനം നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ലാത്തത് പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ടെങ്കിലും ഉത്തരവുകൾ രേഖപ്പെടുത്തുന്ന പേപ്പറുകൾ അലക്ഷ്യമായി കെട്ടി വച്ചിരിക്കുകയാണ്. അതീവ പ്രധാന്യമുള്ള ഓഫീസ് ഉത്തരവുകൾ ബൈൻഡ് ചെയ്തു സൂക്ഷിക്കുന്നതിനോ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനോ നിലവിലും നടപടി സ്വീകരിച്ചിട്ടില്ല. ഹാജർ പുസ്തകം ശ്രദ്ധയോടെ കൈകാര്യം ചെയ്തിട്ടില്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി പരിപാലിക്കുന്നില്ല. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ, ഇൻക്രിമെന്റ് രജിസ്റ്റർ, ശമ്പള റിക്കവറി രജിസ്റ്റർ, സേവന പുസ്തകങ്ങളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണ സംവിധാനത്തിന്റെ ഇടപെടൽ തൃപ്തികരമായ നിലയിൽ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗും ഫലപ്രദമായി നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ രൂപവത്ക്കരണത്തിനു ശേഷം പെർഫോമൻസ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് എന്നിവ നടത്തിയിട്ടില്ല

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) ദുരിതാശ്വാസനിധി, എസ്.സി.ബി പേപ്പർ ബാഗ് അക്കൗണ്ട്, സ്വച്ഛ്ഭാരത്, പൈക്ക, സാക്ഷരത എന്നിവ ബാലൻസ് ഷീറ്റിലെ

B4ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി - സഞ്ചയ സ്റ്റേറ്റ്മെന്റും, വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പാരജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിക്കാത്തതിനാൽ ഈയിനങ്ങളിലെ വരവ് ചെലവ് തുകകളുടെ കൃത്യത വ്യക്തമായിട്ടില്ല.

4) സ്വീപ്പേജ്&ഡ്രൈനേജ് ഇനത്തിൽ ആസ്തിയില്ലാതെ ഡിപ്രീസിയേഷൻ കാണിച്ചിരിക്കുന്നു.

5) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

6) പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, D&O, വാടക, ലേലം, ബസ് സ്റ്റാൻഡ്, കംഫർട്ട് സ്റ്റേഷൻ, വിനോദനികുതി, സ്ലോട്ടർ ഹൗസ്, മറ്റ് വരവുകൾ എന്നിവയുടെ രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാർഷികകണക്കുകളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

7) വിവിധ അക്കൗണ്ടുകളുടെ റീ കൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) സ്റ്റെയിൽ ചെക്ക് ഇനത്തിൽ വർഷാന്ത്യം ₹6127542/- ചേർത്തിട്ടുണ്ടെങ്കിലും ചെക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10) RP-2- Assigned Revenues & compensation ഇനത്തിൽ ₹3766532/- ചേർത്തിട്ടുണ്ടെങ്കിലും തുക സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11) ലാന്റിന്റെ ആസ്തി നിർണ്ണയിച്ചിട്ടില്ല.

12) 411320100- water ways- അസ്തിയില്ലെങ്കിലും, ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിരിക്കുന്നു.

13) താഴെപ്പറയുന്ന ഗ്രാന്റ് തുകകൾ AFS, ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | AFS | 2672112 | 14418000 | 17090112 | 16003842 |
| | ACR | 0 | 14601218 | 14601218 | 15550426 |
| | വ്യത്യാസം | 2672112 | -183218 | 2488894 | 453416 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | AFS | 0 | 10711736 | 10711736 | 10711736 |
| | ACR | 0 | 10963432 | 10963432 | 10906218 |
| | വ്യത്യാസം | 0 | -251696 | -251696 | -194482 |

വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

14) വരവിനങ്ങളിലെ കുടിശികയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

15) വായ്പ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരി ക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 അറവുശാലയിൽ നിന്നുമുള്ള പിരിവ് തുക നഗരസഭയിൽ ഒടുക്കുന്നതിൽ ഗുരുതര വീഴ്ച.

നഗരസഭയുടെ ഉടമസ്ഥതയിൽ പുളിയൻമലയിൽ പ്രവർത്തിക്കുന്ന അറവുശാലയിലെ പിരിവു തുക കൃത്യമായി നഗരസഭയിൽ ഒടുക്കിയിട്ടില്ല. ചുവടെ പരാമർശിച്ചിരിക്കുന്ന പ്രകാരം പിരിച്ചെടുത്ത ₹30000/- ഒടുക്കു വരുത്താത്തതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| ക്രമ നം | രസീത് ബുക്ക് നം | തീയതി | രസീത് ബുക്ക് പ്രകാരമുള്ള കളക്ഷൻ | നഗരസഭയിൽ ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | 20/1949 മുതൽ 1958 വരെ | 20.1.2018 | 16000 | 15000 | 1000 |
| 2 | 24/2374 | 26.2.2018 | 4000 | 0 | 4000 |
| 3 | 24/2375 | 27.2.2018 | 3000 | 0 | 3000 |
| 4 | 24/2376 | 28.2.2018 | 4000 | 0 | 4000 |
| 5 | 43, 44, 45, 46, 47, 48, 49 | 4.4.2018 മുതൽ 27.6.2018 വരെ | 890000 | 872000 | 18000 |
| ആകെ | | | | | 30000.00 |

പിരിവിനു ചുമതലപ്പെടുത്തിയിരുന്നത് ദിവസ വേതനത്തിന് നിയമിക്കപ്പെട്ടിരുന്ന ജെ എച്ച് ഐ ബിജു പി ആർ എന്നയാളെ ആയിരുന്നു. പിരിച്ചെടുക്കുന്ന പണം യഥാസമയം ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടിയിരുന്ന കാഷ്യർ, സെക്രട്ടറി എന്നിവരുടെ വീഴ്ച മൂലമാണ് പണാപഹരണം നടന്നത്. മേൽനോട്ട ചുമതലയിൽ വീഴ്ച വരുത്തിയ കാഷ്യർ, സെക്രട്ടറി എന്നിവരിൽ നിന്നും₹ 30000/- തുല്യമായി ഈടാക്കി നഗരസഭയിൽ ഒടുക്കേണ്ടതാണ്.

കൂടാതെ അറവുശാലയിൽ നിന്നും 9.12.2017 മുതൽ 28.6.2018 വരെയുള്ള പിരിവു തുക അന്നു തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ നഗരസഭയിൽ ഒടുക്കാതെ ദിവസങ്ങളോളം കൈവശം സൂക്ഷിച്ചതായി കാണുന്നു. 15.2.2018 മുതൽ 25.2.2018 വരെയുള്ള കളക്ഷൻ തുകയായ ₹102000/- രൂപയിൽ ₹100000/- 1.3.2018 മുതൽ 12.3.2018 വരെയുള്ള വിവിധ തീയതികളിലായാണ് നഗരസഭയിൽ ഒടുക്കിയിരിക്കുന്നത്. ഇതിൽ ₹2000/- 12.3.2018-ലും ഒടുക്കിയിട്ടില്ല. പിന്നീട് ഒടുക്കിയിട്ടുണ്ട് ഇത്തരം പ്രവണതയാണ് അനുവർത്തിച്ചിരിക്കുന്നത്. കളക്ഷൻ തുക യഥാസമയം നഗരസഭയിൽ ഒടുക്കാതെ കൈവശം സൂക്ഷിക്കുന്നത് താല്ക്കാലിക പണപഹരണമാണ്.

പിരിവിനു ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻ നടത്തിയ പിരിവുകൾ കൃത്യമായി നഗരസഭയിൽ ഒടുക്കുവരുത്തുന്നുണ്ടെന്ന് കാഷ്യർ, സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ നിരീക്ഷിച്ചിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 2016-17 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 2-1) സമാന രീതിയിലുള്ള പണാപഹരണം നടന്നിട്ടുള്ളത് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എന്നിട്ടും നഗരസഭ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5)മറുപടി ലഭ്യമായിട്ടില്ല. ബിൽ കളക്ടർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് പിരിവിനായി നൽകുന്ന രസീത് ബുക്കുകൾ യഥാസമയം പരിശോധിക്കേണ്ടതും കളക്ഷൻ തുക അന്നുതന്നെയോ, തൊട്ടടുത്ത പ്രവർത്തി ദിവസമോ നഗരസഭയിൽ ഒടുക്കുന്നുണ്ടെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 2-2 പെർമിറ്റില്ലാത്ത അഞ്ച് നില കെട്ടിടത്തിൽ ചട്ടവിരുദ്ധമായി ആശുപത്രി പ്രവർത്തിക്കുന്നു

നഗരസഭയുടെ 11-ാം വാർഡിൽ ശ്രീമതി.ലൂസി ലൂക്കാ, കറുകച്ചേരിൽ എന്നയാളുടെ കൈവശാവകാശത്തിലുള്ള സ്ഥലത്ത് വാണിജ്യം/പാർപ്പിടാവശ്യത്തിനായി രണ്ട് നിലകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുകയും കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തു. ശ്രീമതി ലൂസിയിൽ നിന്നും ഹൈറേഞ്ച് ഹോസ്പിറ്റൽ സെക്രട്ടറി പ്രസ്തുത കെട്ടിടം മാസ വാടകയ്ക്ക് എടുത്ത് സഹകരണ ആശുപത്രി നടത്തുന്നു. പ്രസ്തുത ആശുപത്രിക്ക് തൻ വർഷം പ്രവർത്തിക്കുന്നതിനായി 03.08.2017 ൽ 1033/2017-18 ആയി ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

രണ്ട് നിലകൾക്ക് മാത്രമാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതെങ്കിലും നിലവിൽ അഞ്ച് നിലകൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. നഗരത്തിന്റെ ഹൃദയ ഭാഗത്ത് മുനിസിപ്പൽ കാര്യാലയത്തിന് ഏതാനും മീറ്റർ അകലെ മാത്രമാണ് ഇപ്രകാരം അനധികൃത കെട്ടിടം പണിയുയർത്തിയത്. കെട്ടിട നിർമ്മാണ ചട്ടങ്ങളെല്ലാംതന്നെ തൃണവത്ഗണിച്ചുകൊണ്ടാണ് പ്രസ്തുത നിർമ്മാണം നടത്തിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ പരാമർശിക്കുന്നു.

22.01.2016ൽ ഗ്രൗണ്ട് ഫ്ലോറിനും ഫസ്റ്റ് ഫ്ലോറിനും 683A-G നമ്പരുകൾ നൽകി അസസ്മെന്റ് നടത്തി നികുതി സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ 2 നിലയ്ക്ക് മുകളിലേയ്ക്ക് നിർമ്മാണം നടത്തുന്നതിനുള്ള പെർമിറ്റ് ഫയൽ, അസസ്മെന്റ് ഫയൽ എന്നിവ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.18) ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല. സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടു.

(എ) ഗാർഹിക/വാണിജ്യാവശ്യത്തിനായിട്ടാണ് ആദ്യഘട്ടപെർമിറ്റ് എടുത്തതെങ്കിലും നിലവിൽ ഗ്രൂപ്പ് സി വിഭാഗത്തിൽ ഉൾപ്പെടുന്ന ആശുപത്രിയാണ് ഇവിടെ പ്രവർത്തിക്കുന്നത്.

(ബി) രണ്ട് നിലകൾ (GF+FF) മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. നിലവിൽ 5 നിലകൾ പണി പൂർത്തിയായിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന അളവിലുള്ള സെറ്റ്-ബാക്ക് ഇല്ലാതെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

(സി) ആശുപത്രി ആരംഭിക്കുന്നതിന് ലൈസൻസ് (നം.32/20.08.2017) നൽകുന്നതിനു മുമ്പ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പറയുന്ന ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല.

(ഡി) 1999ലെ കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ ചട്ടം 31 പ്രകാരം ആശുപത്രികൾക്ക് അനുവദനീയമായ ഏറ്റവും കൂടിയ വ്യാപ്തി പ്ലോട്ട് ഏരിയായുടെ 40 ശതമാനവും തറ വിസ്തീർണ്ണാനുപാതം 2 ഉം ഒരു ചതുരശ്രമീറ്ററിന് ₹3,000/- എന്ന തോതിൽ അധിക

ഫീസോട്ടുകൂടി 3ഉം ആണ്. പ്രസ്തുത നിയന്ത്രണങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

(ഇ) ചട്ടം 34 പട്ടിക 5-2 ൽ അനുശാസിക്കുന്ന പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല.

(എഫ്) ചട്ടം 55-4(എ) പ്രകാരമുള്ള ഫയർഫോഴ്സ് നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

(ജി) ശുചീകരണ സൗകര്യങ്ങൾ(ചട്ടം54(6) പട്ടിക 9എ), മഴവെള്ള സംഭരണ സംവിധാനം (ചട്ടം 109ബി), പ്രകാശ സംവിധാനങ്ങൾ(ചട്ടം 109 സി), അഗ്നിരക്ഷാ കോണിപ്പടി(ചട്ടം 42), അടിയന്തിരഘട്ട പുറംവാതിലിലേയ്ക്കുള്ള യാത്രാദൂരം(ചട്ടം 43 ), വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ/റാമ്പുകൾ(40എ), ലിഫ്റ്റ്(ചട്ടം 48) എന്നീ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിടത്തിൽ ഉണ്ട് എന്ന് പരിശോധിച്ച് ഉറപ്പാക്കാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

മുൻവർഷ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയെങ്കിലും അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല ചട്ടലംഘനങ്ങൾ തുടരുകയും ചെയ്യുന്നു. ഇലക്ട്രിക്ക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സങ്കീർണ്ണ സ്വഭാവമുള്ളതും അപകടസാധ്യതയുള്ളതുമായ ഉപകരണങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ ഗ്രൂപ്പ് സി കെട്ടിട നിർമ്മാണത്തിനുള്ള ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണം മനുഷ്യജീവന് തന്നെ ഹാനികരമായേക്കാവുന്നതാണ്.

സർക്കാർ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ഭാവിയിൽ അപകടസാധ്യതയ്ക്ക് കാരണമാവുന്നതാണ്.

കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയൽ ലഭ്യമാകാത്തതുകൊണ്ടും നിരവധി ചട്ടലംഘനങ്ങൾ ഉള്ളതുകൊണ്ടും വിശദമായ അന്വേഷണത്തിന് ഭരണവകുപ്പ് നടപടികൾ ശുപാർശ ചെയ്യുന്നു.

## 2-3 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, പാരലൽ കോളേജ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് രജിസ്റ്റർ എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി അസസ്സ് ചെയ്തിട്ടില്ല.

1. സെന്റ് സെബാസ്റ്റ്യൻസ് കോളേജ്, കട്ടപ്പന, വാർഡ് -20
2. സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന വാർഡ് – 20
3. സെന്റ് ജോൺസ് കോളേജ് ഓഫ് നേഴ്സിംഗ്, കട്ടപ്പന – വാർഡ് -20
4. സെന്റ് ജോൺസ് കോളേജ് ഓഫ് പാരാമെഡിക്കൽ, കട്ടപ്പന വാർഡ്-20
5. ഫോർത്തുനാസ് മെന്റൽ ഹെൽത്ത് സെന്റർ, കട്ടപ്പന
6. ആയുഷാലയ ആയുർവേദ ചികിത്സാലയം, വാഴവര
7. സരസ്വതി വിദ്യാപീഠം, വെള്ളയാംകുടി.
8. ഹിൽ ടൗൺ ഹോട്ടൽ, കട്ടപ്പന.

ആശുപത്രികൾക്ക് ചതുരശ്ര മീറ്ററിന് ₹ 15/- ഉം വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് ₹ 12/- ഉം ആണ് നഗരസഭ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക്. എന്നാൽ മുകളിൽ വ്യക്തമാക്കിയിരിക്കുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുകയോ, ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ക്രമ നം 2 മുതൽ 5 വരെയുള്ള സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അവയുടെ വസ്തു നികുതി നിർണ്ണയിക്കാത്തത് ഗുരുതര വീഴ്ച്ചയാണ്. വസ്തു നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല – തൊഴിൽ നികുതി ഇനത്തിൽ വരുമാനം നഷ്ടമാകുന്നു.

2017-18 വർഷത്തിൽ നഗരസഭയിൽ തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ ലഭ്യമായ ഹെഡ് വൈസ് കളക്ഷൻ റിപ്പോർട്ട് മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. മേൽ സ്റ്റേറ്റ്മെന്റിൽ തൊഴിൽ നികുതി ഒടുക്കിയിരിക്കുന്ന കാലയളവ്, സ്ഥാപനം, ജീവനക്കാരുടെ വിവരം തുടങ്ങിയ വിവരങ്ങൾ അപൂർണ്ണമാണ്. തൊഴിൽ നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥമായ സ്ഥാപനങ്ങളുടെ ലിസ്റ്റും സൂക്ഷിച്ചിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും സ്ഥാപനങ്ങളും വ്യക്തികളും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ലഭ്യമാക്കിയ സാംഖ്യ ഹെഡ് വൈസ് കളക്ഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ തൊഴിൽ നികുതി ഒടുക്കാത്തതായി കാണുന്ന ഏതാനും സ്ഥാപനങ്ങളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

1. സെന്റ് സെബാസ്റ്റ്യൻസ് കോളേജ്, കട്ടപ്പന
2. കേജീസ് ജൂവല്ലറി, കട്ടപ്പന
3. ദീപ്തി കോളേജ് ,കട്ടപ്പന
4. മാരുതി സുസുക്കി സർവ്വീസ് , കട്ടപ്പന
5. മഹീന്ദ്ര സർവ്വീസ് സെന്റർ, കട്ടപ്പന
6. എസ്. എം.എൽ മോട്ടേഴ്സ്, കട്ടപ്പന
7. ആയുഷാലയ, വാഴവര

2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5, 6, 8 എന്നിവ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും ചട്ടം 10 പ്രകാരം ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 2-5 ലേല നടപടികളിലെ അപാകതകൾ

16.1.2017ലെ 5-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയിലുള്ള വിവധ മാംസ സ്റ്റാളുകൾ, സസ്യമാർക്കറ്റ് എന്നിവ പരസ്യ ലേലം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. തുടർന്ന് 15.2.2017ൽ പരസ്യ ലേലം നടത്തി. ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ 25.02.2017ൽ പുനർ ലേലം നടത്തുന്നതിന്(10.2.2017 ലെ 1-ാം നമ്പർ തീരുമാനം) തീരുമാനിച്ചു. പുനർ ലേലത്തിലും ആരും

പങ്കെടുക്കാത്തതിനാൽ 1, 3 നമ്പർ മാംസ സ്റ്റാളുകൾ മുൻ വർഷത്തിൽ നിന്നും 10% തുക വർദ്ധിപ്പിച്ച് ശ്രീ.ഷിബു ജോൺ എന്ന വ്യക്തിക്ക് നൽകുന്നതിനും (തീരുമാനം നമ്പർ 1/7.3.2017) 2, 4 നമ്പർ മാംസ സ്റ്റാളുകൾ പരിവർത്തനം ചെയ്ത് ലേലം ചെയ്യുന്നതിനും (തീരുമാനം നമ്പർ 3/7.3.2017) തീരുമാനിച്ചു.

സസ്യ മാർക്കറ്റ് പുനർ ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ ₹175000/-ക്ക് ശ്രീ പുഷ്പരാജൻ മുട്ടത്ത് എന്നയാൾക്ക് നൽകുന്നതിന് തീരുമാനിച്ചു (7.3.2017 ലെ 2-ാം നമ്പർ തീരുമാനം).

ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

- മാംസ സ്റ്റാളുകളുടെ ലേലം 15.2.2017 ലാണ് നടത്തുമെന്നാണ് ലേല നോട്ടീസിൽ വ്യക്തമാക്കിയിരുന്നതെങ്കിലും ലേല ഡയറി പരിശോധിച്ചതിൽ 17.2.2017 ലാണ് ലേലം നടത്തിയിരിക്കുന്നതെന്ന് കാണുന്നു.
- മാംസ സ്റ്റാൾ, സസ്യമാർക്കറ്റ് എന്നിവയുടെ ലേല ഡയറിയിൽ നഗരസഭാ അധികൃതർ ഒപ്പ് രേഖപ്പെടുത്തുകയോ ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ ലേലം മാറ്റിവച്ചതായോ രേഖപ്പെടുത്തിയിട്ടില്ല.
- പുനർ ലേലം നടത്തുന്നതിന് നഗരസഭ തീരുമാനിച്ചിട്ടുണ്ടെങ്കിലും പുനർലേല നോട്ടീസ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളില്ല.
- വാടക ലേല ഇനങ്ങളിൽ ഗണ്യമായ തുക വരുമാനമുള്ള നഗരസഭ, ലേലം/പുനർ ലേലം എന്നിവ സംബന്ധിച്ച് മതിയായ പരസ്യം ചെയ്തിട്ടുള്ളതായി കാണുന്നില്ല.
- 2, 4 നമ്പർ മാംസ സ്റ്റാളുകൾ പരിവർത്തനം ചെയ്ത് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നേരിൽ പരിശോധിച്ചതിൽ 2, 4 സ്റ്റാളുകൾ മറ്റ് സ്റ്റാളുകൾ ലേലത്തിലെടുത്തവർ തന്നെ അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കാണുന്നു.

ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ലേലം സംബന്ധിച്ച് മതിയായ പരസ്യം നൽകുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കൗൺസിൽ തീരുമാനപ്രകാരം, 1, 3 നമ്പർ മാംസ സ്റ്റാളുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കംഫർട്ട് സ്റ്റേഷൻ - നിരക്കുകൾ എഴുതി പ്രദർശിപ്പിക്കുന്നില്ല.

നഗരസഭയുടെ 10.02.2017 ലെ 6-ാം നമ്പർ തീരുമാനപ്രകാരം പഴയ ബസ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ₹500500/-യ്ക്കും, 9-ാം നമ്പർ തീരുമാനപ്രകാരം മാർക്കറ്റിലുള്ള കംഫർട്ട് സ്റ്റേഷൻ ₹39300/-യ്ക്കും 16-ാം നമ്പർ തീരുമാനപ്രകാരം പുതിയ ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ₹1367000/-യ്ക്കും നടത്തിപ്പിനായി നല്കിയിട്ടുണ്ട്. കുത്തകക്കാരിൽ നിന്നും ഒപ്പ് മാത്രം രേഖപ്പെടുത്തിയ മുദ്രപ്പത്രവും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. നം.എ 1/80/2017 ലേല നോട്ടീസ് നിബന്ധന (25) പ്രകാരം നിലവിലുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കാൻ പാടില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. നിരക്കുകൾ വ്യക്തമാക്കി ലേലക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നിരക്കുകൾ കംഫർട്ട് സ്റ്റേഷനുകളിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല. നഗരസഭ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.കംഫർട്ട് സ്റ്റേഷനുകൾ ലേലം ചെയ്യുമ്പോൾ തന്നെ നോട്ടീസിൽ നിരക്കുകൾ വ്യക്തമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ വ്യക്തമാക്കി കുത്തകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. നിരക്കുകൾ കംഫർട്ട് സ്റ്റേഷനുകളിൽ എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾക്കൂടി കരാറിൽ എഴുതിച്ചേർക്കേണ്ടതാണ്. കൂടാതെ നഗരസഭ നിശ്ചയിച്ചിരിക്കുന്ന നിരക്ക് തന്നെയാണ് കുത്തകക്കാർ ഈടാക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-7 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1999 ലെ കേരള മുൻസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3ൽ മുൻസിപ്പൽ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കട്ടപ്പന നഗരസഭയുടെ പരിധിയിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

- സെന്റ് സെബാസ്റ്റ്യൻസ് കോളേജ്, കട്ടപ്പന
- ക്രൈസ്റ്റ് കോളേജ്, പുളിയൻമല
- ദീപ്തി കോളേജ്, കട്ടപ്പന
- ആയുഷാലയ , വാഴവര

സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.13) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ പരിധിയിലുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-8 കെട്ടിട നിർമാണ ചട്ടങ്ങൾ ലംഘിച്ചു പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല.

കട്ടപ്പന വില്ലേജിൽ 96/8, 96/10 എന്നീ സർവ്വേ നമ്പരുകളിലുള്ള 5660 ച.മീറ്റർ വിസ്തൃതിയുള്ള ഭൂമിയിൽ പന്നംകുഴിയിൽ സാറാകുട്ടി ജോർജ്ജ് എന്ന വ്യക്തിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ തേർഡ് ഫ്ലോറിൽ റെസിഡൻഷ്യൽ/കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി 27.10.2015ൽ എ3-222/2015 നമ്പരായി അനുമതി നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ വിവിധ നിലകളുടെ വിസ്തീർണ്ണം (ച.മീറ്ററിൽ) താഴെ കൊടുക്കുന്നു.

| സെക്കന്റ് സെല്ലാർ | ഫസ്റ്റ് സെല്ലാർ | ഗ്രൗണ്ട് ഫ്ലോർ | ഫസ്റ്റ് ഫ്ലോർ | സെക്കന്റ് ഫ്ലോർ | തേർഡ് ഫ്ലോർ | ആകെ ഏരിയ |
|---|---|---|---|---|---|---|
| 193.50 | 238.29 | 706.98 | 758.94 | 758.94 | 740.93 | 3397.58 |
| നിലവിൽ ഉള്ളത് | | | | | അനുമതിക്ക് അപേക്ഷ | |

ഗാർഹിക ആവശ്യത്തിനായി നമ്പരിട്ട് ഉപയോഗിച്ചിരുന്ന നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം റസ്റ്റോറന്റ് തുടങ്ങുന്നതിന് വേണ്ടി വാണിജ്യാവശ്യത്തിനുള്ള കെട്ടിട നമ്പർ നല്കണമെന്ന് ഉടമ അപേക്ഷ സമർപ്പിക്കുകയും എൽ.എസ്.ജി.ഡി ഓവർസീയർ സ്ഥലപരിശോധന നടത്തി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. തുടർന്ന് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച്, നഗരസഭയുടെ അനുമതി ഇല്ലാതെ, ഉപയോഗക്രമം മാറ്റിയതിന് 7 ദിവസത്തിനകം വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 22.01.2018 ൽ പി-1-9631/16 നമ്പരായി നോട്ടീസ് നൽകി.

കെട്ടിട നിർമ്മാണ പെർമിറ്റ് പ്ലാൻ പ്രകാരംസെല്ലാറിൽ 25 ഉം ഗ്രൗണ്ട് ഫ്ലോറിൽ 13 ഉം പാർക്കിംഗ് സൗകര്യങ്ങൾ കാണിച്ചിട്ടുണ്ട്. നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ സ്ഥല പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

1999ലെ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പട്ടിക 5.2 പ്രകാരം കാർ പാർക്കിംഗ് സൗകര്യം കണക്കാക്കേണ്ട വിധം താഴെ നൽകുന്നു.

| ഇനം | പാർക്കിംഗ് സൗകര്യം |
|---|---|
| വാണിജ്യം | 75 ച.മീ. വിസ്തീർണ്ണത്തിന് ഒരെണ്ണം |
| പ്രത്യേക പാർപ്പിടം | 1.5 മുറിക്ക് ഒരെണ്ണം |
| ഭക്ഷണ സൗകര്യം | 10 ഇരിപ്പിടങ്ങൾക്ക് ഒരെണ്ണം |
| സമ്മേളന സ്ഥലം | 15 ഇരിപ്പിടങ്ങൾക്ക് ഒരെണ്ണം (കാർപെറ്റ് ഏരിയയുടെ 1.5 ഭാഗം ഒരു ഇരിപ്പിടം) |

മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഉപയോഗ തരത്തിനും അളവിനും ആനുപാതികമായി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സജ്ജമാക്കേണ്ട കാർ പാർക്കിംഗിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിലകൾ | കാർപ്പെറ്റ് വിസ്തീർണ്ണം (ച.മീ.) | ഉപയോഗത്തിന്റെ തരം | ആവശ്യമായ പാർക്കിംഗ് (എണ്ണം) | |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 565.58 | വാണിജ്യം | 565.58 /75=7.54 | 7.54 |
| ഫസ്റ്റ് ഫ്ലോർ | 607.15 | A2- സ്പെഷ്യൽ റെസിഡൻസ് | 26 താമസ മുറികൾ 26/1.5=17.33 | 17.33 |
| സെക്കണ്ട് ഫ്ലോർ | 607.15 | | 52 ഇരിപ്പട സൗകര്യങ്ങളുള്ള ഭക്ഷണ ശാല 52/10=5.2 | 5.2 |
| തേർഡ് ഫ്ലോർ | 517.668 | ഓഡിറ്റോറിയം 740.93-93.845(ലോബി) = 647.085 | 647.085X80/100 =517.668 ചമീ. സീറ്റ് 517.668/1.5 =345 345/15=23 | 23 |
| ഫസ്റ്റ് | 190.63 | പാർക്കിംഗ് | 184.8 ച മീ | 2.46 |

| | | | | |
|---|---|---|---|---|
| സെല്ലാർ | | | വാണിജ്യാവശ്യത്തിന് 184.8/75 | |
| സെക്കന്റ് സെല്ലാർ | 154.8 | പാർക്കിംഗ് | | |
| ആകെ | | | | 55.53=56 |

സ്ഥല പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് നിലവിൽ സെല്ലാറിൽ 8ഉം ഗ്രൗണ്ട് ഫ്ലോറിൽ 9 ഉം ആയി ആകെ 17 കാർ പാർക്കിംഗ് മാത്രമാണുള്ളതെന്ന് കണ്ടെത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലോട്ടിൽ നിലവിൽ 39(56-17)കാർ പാർക്കിംഗിന്റെ കുറവുണ്ട്. 2018-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ(അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം)ചട്ടങ്ങൾ പ്രകാരം കുറവ് കാർപാർക്കിംഗിന് ബാധകമായ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 കൃഷി ഓഫീസർ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർ കൈപ്പറ്റിയ 28 മുതൽ 32 വരെ, 34, 35, 36, 39, 40, 59, 77 മുതൽ 81 വരെ, 83 മുതൽ 87 വരെയുള്ള രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ടിപ്പർ ലോറിയുടെ അറ്റകുറ്റപ്പണിക്ക് ക്വോട്ട് ചെയ്തതിൽ അധികമായി തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല.

നഗരസഭയിലെ KL6E -7598 നമ്പർ ടിപ്പർ ലോറി ടെസ്റ്റിനോടനുബന്ധിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക (158000/-)ക്വോട്ട് ചെയ്ത കട്ടപ്പന, ന്യൂ ഓട്ടോ ഗ്യാലക്സി വർക്ക് ഷോപ്പുടമയുടെ ക്വട്ടേഷൻ 10.11.2017ലെ 10-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. പ്രതിഫലമായി, സ്ഥാപനം ക്വോട്ട് ചെയ്ത ₹158,000/-ചെക്ക് നമ്പർ 737429/4.1.2018 പ്രകാരം നൽകിയെങ്കിലും പണികൾക്ക് ആകെ ₹199596/- വേണ്ടിവന്നുവെന്ന് ചൂണ്ടിക്കാട്ടി ₹41596/-ചെക്ക് നമ്പർ 737436/5.1.2018 പ്രകാരം അധികമായി സ്ഥാപനത്തിന് നൽകി. വാഹനത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായി ക്ഷമതയുള്ള അധികാരി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ക്വട്ടേഷൻ തുകയിൽ അധികരിച്ച് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹41596/-യുടെ ചെലവ് നിരാകരിയ്ക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവ് പിഴപലിശ ഒടുക്കിയത് അംഗീകരിക്കുന്നില്ല.

കട്ടപ്പന മുനിസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും ₹36835008/- വായ്പ എടുത്തിരുന്നു. വായ്പയുടെ പലിശയടക്കമുള്ള തിരിച്ചടവ് സാമ്പത്തിക വർഷത്തിലെ ഓരോ

ത്രൈമാസാന്ത്യത്തിലും ₹2209590/- നിരക്കിൽ നടത്തേണ്ടതാണ്. വായ്പാതുക കൃത്യമായി ഒടുക്കാതിരുന്നതിനാൽ പിഴപലിശയിനത്തിൽ 2017-18 വർഷം ₹28,153/- ഒടുക്കേണ്ടി വന്നിട്ടുണ്ട്.(വൗച്ചർ നം.21701016 തീയതി 12.3.18 , ₹7118745). സമയപരിധിയ്ക്കുള്ളിൽ വായ്പാ തുക ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.6) മറുപടി ഹാജരാക്കിയില്ല. പിഴപലിശയിനത്തിൽ ഒടുക്കിയ ₹28153/-യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികൾ- സർക്കാർനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുത്തു നടത്തുമ്പോൾ പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 13/11/2014-ലെ1/1559/ 2010/ സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്.

കൺവീനറുടെയും ചെയർമാന്റെയും പേരിൽ അംഗീകൃത ബാങ്കിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിലൂടെയാണ് പണമിടപാടുകൾ നടത്തേണ്ടത്. സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അന്തിമബിൽ തയ്യാറാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട മോണിട്ടറിംഗ് സമതിയുടെ റിപ്പോർട്ട് വാങ്ങേണ്ടതുമാണ്. ഗുണഭോക്തൃസമിതിക്ക് പണം നല്കുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കണം. എന്നാൽ നഗരസഭയിൽ നടപ്പിലാക്കിയ ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികളിൽ പ്രസ്തുത സർക്കാർനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്ത പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ നല്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ബിൽ നം,തുക |
|---|---|---|---|
| 35/18 | ഗ്രീൻവാലി പാനയിൽപടി റോഡ് ടാറിംഗ് | 250000 | 18/17-18 241082 |
| 47/18 | ചൂരകാട്ടുപടി ചെറുതാനിപ്പടി റോഡ് ടാറിംഗ് | 250000 | 21/17-18, 241082 |
| 44/18 | പേഴുംകവല നേതാജി റോഡ് | 300000 | 1/17-18 289875 |
| 25/183 | മൂലേചാലിൽ കണകൊമ്പിൽ പടി റോഡ് ടാറിംഗ് | 200000 | 23/17-18, 192811 |
| 61/18 | അമ്പലപ്പാറ-കുഞ്ഞുമോൻ പാലക്കട റോഡ് | 300000 | 3/17-18, 290226 |

പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-4 അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ അധികവും നടപ്പാക്കിയില്ല.

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതിയവ | സ്പിൽ ഓവർ | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചവ | 100 | 176 | 276 |
| നടപ്പാക്കിയവ | 28 | 136 | 164 |
| ആകെ അടങ്കൽ | 8,35,58,430 | | |
| ചെലവഴിച്ച തുക | 3,80,44,338 | | |
| ചെലവ് ശതമാനം | 45 | | |

പൊതുമരാമത്ത് പ്രവൃത്തികൾക്കായി ₹8,35,58,430 വകയിരുത്തിയെങ്കിലും ₹3,80,44,338 മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. (45%). നടപ്പിലാക്കിയ 164 പ്രവൃത്തികളിൽ 136 പ്രവൃത്തികളും സ്പിൽ ഓവർ പ്രവൃത്തികളാണ്. 2017-18 ൽ ആവിഷ്കരിച്ച 100 പുതിയ പദ്ധതികളിൽ 28 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കുവാൻ സാധിച്ചത്. ആവിഷ്കരിച്ച പദ്ധതികളിൽ ബഹുഭൂരിപക്ഷവും അഞ്ചുലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രവൃത്തികളാണ്. കുറഞ്ഞ അടങ്കൽ തുക വകയിരുത്തുന്നതിനാൽ പ്രോജക്ടുകളുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടാകുന്നു. തന്മൂലം ഭൂരിപക്ഷം പദ്ധതികളും നടപ്പിലാക്കുവാൻ സാധിക്കാത്ത സ്ഥിതിവിഷേഷമാണുള്ളത്. യുക്തിസഹമായ ഫണ്ട് വകയിരുത്തലിലൂടെ പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-5 കുടിവെള്ളവിതരണം ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

കുടിവെള്ളം വിതരണം ചെയ്തതിന് പ്രൊജക്ട് നമ്പർ 264/18 പ്രകാരം ₹15,00,000/- (ബിൽ നമ്പർ 13/17-18,25-8-17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കും പ്രകാരം ₹2,32,000/-യുടെ ചെലവ് വിവരങ്ങളാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്.

| തുക₹ | ചെക്ക് നമ്പർ/തീയതി |
|---|---|
| 40000/- | 737668/17-1-18 |
| 96000/- | 737989/21-2-18 |

| | |
|---|---|
| 96000/- | 132492/27-3-18 |
| ആകെ-232000/- | |

കുടിവെള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ, ട്രിപ്പ് ഷീറ്റ്, വാർഡ്തല ജാഗ്രതാസമിതി റിപ്പോർട്ടുകൾ മുതലായവ പരിശോധനക്ക് ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും അവ ലഭ്യമാക്കിയില്ല. ആയതിനാൽ ₹1500000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർണമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-6 ലൈബ്രറിസെസ്സ് സമയബന്ധിതമായി ഒടുക്കുന്നില്ല.

നഗരസഭയുടെ 2017-2018 വർഷത്തെ ധനകാര്യപത്രികയുടെ ഷെഡ്യൂൾ ബി 9 പ്രകാരം 31.3.2018 ൽ ₹1961592/- ഗ്രന്ഥശാലാവരിയിനത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കാൻ അവശേഷിക്കുന്നു. ₹811528/- ആണ് ഈ ഇനത്തിലെ തൻവർഷ വരവ്. (ഷെഡ്യൂൾ ആർ പി.-29). 20.9.2005ലെ സർക്കുലർ നം.10088/എൽ3/05/ ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഓരോ വർഷവും പിരിക്കുന്ന ലൈബ്രറി സെസ്സ് തുക രണ്ടുഗഡുക്കളായി (ഏപ്രിൽ 30-നകവും നവംബർ 30-നകവും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി ടി കാലയളവിലെ സെക്രട്ടറിയുടെ പക്കൽ നിന്നും പിഴപലിശ ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ കാലികമായി ഒടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കുടുംബശ്രീ കോട്ടൺ ക്യാരീ ബാഗ് യൂണിറ്റ് പദ്ധതി നടത്തിപ്പിൽ അപാകതകൾ

നഗരസഭ 2017-18 വർഷം ആവിഷ്കരിച്ച കുടുംബശ്രീ കോട്ടൺ ക്യാരീബാഗ് യൂണിറ്റിനു വേണ്ടി വികസനഫണ്ടിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ,തീയതി | തുക |
|---|---|
| 51/17-18,23-3-18 | 1098580/- |
| 61/17-18,27-3-18 | 471420/- |

കോയമ്പത്തൂർ ആസ്ഥാനമായുള്ള ഫൈവ് ഫിംഗേഴ്സ് എന്ന സ്ഥാപനമാണ് ടെണ്ടർ നടപടികളിലൂടെ മെഷീൻ സ്ഥാപിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.എ.എം.സി.റേറ്റ് ഉൾപ്പെടെയുള്ള തുക ക്വോട്ടു ചെയ്യുന്നതിനാണ് ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ നഗരസഭ സ്ഥാപനവുമായി എ.എം.സി.യിൽ ഏർപ്പെട്ടിട്ടില്ല.

2.സ്ഥാപിച്ച മെഷിനറിയുടെ വാറന്റി കാലയളവ് സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

3.യന്ത്രോപകരണങ്ങൾ നഗരസഭയിൽ എത്തുമ്പോൾ 70% തുക,സ്ഥാപിക്കൽ നടപടി പൂർത്തിയാകുമ്പോൾ 20% തുക,റിപ്പയർ&മെയിന്റനൻസ് പൂർത്തിയാകുമ്പോൾ ബാക്കി 10% തുക എന്നരീതിയിൽ തുക ചെലവഴിക്കുന്നതിനായിരുന്നു തീരുമാനം. എന്നാൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കൽ നടപടി പൂർത്തിയാക്കിയപ്പോൾ മുഴുവൻ തുകയും നൽകി.

2019 ജനവരി മുതലാണ് ക്യാരി ബാഗ് നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. രണ്ട് മാസങ്ങൾക്കുള്ളിൽത്തന്നെ യന്ത്രം നിരവധിതവണ പ്രവർത്തനക്ഷമമല്ലാതെ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത വേളകളിൽ യന്ത്രത്തിന്റെ തകരാർ പരിഹരിക്കുന്നതിന് കാലതാമസം നേരിട്ടു. സ്ഥാപനവുമായി എ.എം.സി കരാറിലേർപ്പെടുകയോ, യഥാസമയങ്ങളിൽ തകരാർ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് ക്യാരിബാഗ് നിർമ്മാണയൂണിറ്റ് തടസ്സം കൂടാതെ പ്രവർത്തിപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-8 ആസൂത്രണത്തിലെ അപാകത മൂലം കുടിവെള്ള പദ്ധതികൾ നടപ്പാക്കുവാൻ സാധിച്ചില്ല. -

2017-18-ൽ 35 കുടിവെള്ള പദ്ധതികൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം. ₹ 6907000/- വകയിരുത്തിയിരുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | ഓലക്കാട്ട് കുടിവെള്ള പദ്ധതി | 49500 | 0 | |
| 2 | മൈലാടുംപാറ കുടിവെള്ള പദ്ധതി | 49500 | 0 | |
| 3 | ചേലച്ചുവട് കുടിവെള്ള പദ്ധതി | 170500 | 0 | |
| 4 | മനയത്തുശേരിപ്പടി കുടിവെള്ള പദ്ധതി | 200000 | 0 | |
| 5 | ഉപ്പുകണ്ടം എസ്.സി കോളനി കുടിവെള്ള പദ്ധതി | 624000 | 340000 | |
| 6 | കുമ്പളുംകവല കുടിവെള്ള പദ്ധതി | 49500 | 0 | |
| 7 | പുഞ്ചിരിക്കവല കുടിവെള്ള പദ്ധതി | 49500 | 0 | |
| 8 | ടെലിഫോൺ എക്സ്ചേഞ്ച് പടി കുഴൽകിണർ | 200000 | 0 | |
| 9 | ഇയ്യപ്പാട്ടപടി കുഴൽകിണർ | 200000 | 0 | |
| 10 | ജനപ്രിയ കുടിവെള്ള പദ്ധതി | 49500 | 0 | |
| 11 | വലിയപാറ മുക്കാട്ടുകാവുങ്കൽ കുടിവെള്ള പദ്ധതി | 49500 | 0 | |
| 12 | ജവഹർ കുടിവെള്ള പദ്ധതി | 300000 | 0 | |
| 13 | കടുക്കാസിറ്റി കുടിവെള്ള പദ്ധതി | 49500 | 0 | |
| 14 | ശ്രീനിവാസൻ പടി -കിണറ്റുകര പടി കുടിവെള്ള പദ്ധതി | 220000 | 0 | |
| 15 | കരിശുപള്ളിപ്പടി കുടിവെള്ള പദ്ധതി | 220000 | 0 | |
| 16 | വി.ടി.പടി അംഗൻവാടിപ്പടി കുടിവെള്ള പദ്ധതി | 165000 | 0 | |
| 17 | ഇരുപതേക്കർ കുടിവെള്ള പദ്ധതി | 330000 | 0 | |
| 18 | മേട്ടക്കുഴി -ചരളേൽപടി കുഴൽകിണർ | 330000 | 0 | |
| | | | | |

| | | | | |
|---|---|---|---|---|
| 19 | എക്സൽപ്പടി കുടിവെള്ള പദ്ധതി | 110000 | 0 | |
| 20 | കുന്തളംപാറ കരിശ് പള്ളിപ്പാറ കുടിവെള്ള പദ്ധതി | 499000 | 483150 | |
| 21 | പെരുമ്പ്ര ഭാഗം കുടിവെള്ള പദ്ധതി | 220000 | 0 | |
| 22 | പൊട്ടനാനിപ്പടി കുടിവെള്ള പദ്ധതി | 330000 | 0 | |
| 23 | അരുവിക്കൽ ഇലവുങ്കൽ കുടിവെള്ള പദ്ധതി | 220000 | 0 | |
| 24 | കൈരളി കുടിവെള്ള പദ്ധതി | 280500 | 0 | |
| 25 | ഇടത്തുപാറ കുടിവെള്ള പദ്ധതി | 49500 | 0 | |
| 26 | വെള്ളയാംകുടി കുടിവെള്ള പദ്ധതി | 49500 | 0 | |
| 27 | ഇടുക്കിക്കവല പഞ്ചായത്ത് കിണർ ആഴം കൂട്ടൽ | 110000 | 0 | |
| 28 | സുവർണ്ണഗിരില മറ്റക്കര കുടിവെള്ള പദ്ധതി | 330000 | 0 | |
| 29 | കവളക്കാട്ട് കുടിവെള്ള പദ്ധതി | 220000 | 0 | |
| 30 | കാണക്കാലപ്പടി അംഗൻവാടി കുടിവെള്ള പദ്ധതി | 357500 | 0 | |
| 31 | കടമാക്കുഴി എസി.സി.കോളനി കുടിവെള്ള പദ്ധതി | 550000 | 0 | |
| 32 | മംഗലം എസ്.സി കോളനി കുടിവെള്ള പദ്ധതി | 64000 | 0 | |
| 33 | എെ.എച്ച്.ഡി.പി കോളനി കുടിവെള്ള പദ്ധതി | 500000 | 0 | |
| 34 | മുൻസിപ്പൽ ഓഫീസ് കുടിവെള്ള പദ്ധതി | 125000 | 0 | |
| 35 | കുറ്റിയാനിപ്പടി കുടിവെള്ള പദ്ധതി | 200000 | 0 | |
| | ആകെ | 7521000 | 823150 | 10.9 |

35 കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചതിൽ രണ്ട് പദ്ധതികൾ മാത്രമാണ് ഭാഗികമായെങ്കിലും നടപ്പിലാക്കുവാൻ സാധിച്ചത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നഗരസഭയിൽ ആവിഷ്കരിച്ച കുടിവെള്ള പദ്ധതികളൊന്നും നടപ്പാക്കുവാൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള ജാഗ്രതക്കുറവാണ് ഇത്തരത്തിൽ പദ്ധതികൾ നടപ്പാക്കുവാൻ സാധിക്കാതെ വരുന്നതിന്റെ കാരണം. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം ലക്ഷ്യം കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല

നഗരസഭയിൽ ശിശുവികസനപദ്ധതിയുമായി ബന്ധപ്പെട്ട പ്രൊജക്കുകൾ നടപ്പിലാക്കുന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് അടിസ്ഥാന ഓഫീസ് സൗകര്യങ്ങൾ നൽകിയിട്ടില്ല. 46അംഗനവാടികളുടെ ചുമതലയും, സാമൂഹിക ക്ഷേമവുമായി ബന്ധപ്പെട്ട മറ്റ് പ്രൊജക്കുകളുടെ ചുമതലയും വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥക്ക് ഫയൽ സൂക്ഷിക്കുന്നതിനും ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യം ഒരുക്കാത്തത് പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുവാൻ

ഇടയാക്കുന്നതാണ്. പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതാണ്.

## 3-10 ദേശീയ നഗര ഉപജീവനമിഷൻ(എൻ.യു.എൽ.എം)

ജീവനോപാധി വികസനത്തിലൂടെ നഗരദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം). കേരളത്തിൽ പദ്ധതി നിർവ്വഹണത്തിനുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീയെയാണ് നിയമിച്ചിരിക്കുന്നത്. നഗരത്തിലെ ദരിദ്രർക്കും അവരുടെ കൂട്ടായ്മകൾക്കും സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുറക്കുക, തൊഴിൽ നൈപുണ്യ പരിശീലനം, സ്വയം തൊഴിൽ പദ്ധതികൾ, ഭൂരഹിതർക്ക് പാർപ്പിടപദ്ധതി, തെരുവ് കച്ചവടക്കാർക്ക് സഹായപദ്ധതികൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. നഗരസഭയിൽ തൊഴിൽ നൈപുണ്യ പരിശീലനം, തെരുവ് കച്ചവടക്കാർക്ക് സഹായ പദ്ധതികൾ എന്നിവയാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. പദ്ധതിയുടെ പണമിടപാടുകൾ നടത്തുന്നത് ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ കട്ടപ്പന ശാഖയിലുള്ള 052301001489 നമ്പർ സേവിംഗ്സ് അക്കൗണ്ടിലൂടെയാണ്. പ്രസ്തുത അക്കൗണ്ടിൽ 31.3.2018 ൽ 521838/-രൂപ നീക്കിയിരുപ്പുണ്ട്.

## 3-11 തീറ്റപ്പുൽകൃഷിക്ക് സബ്സിഡി- സ്ഥല വിസ്തൃതിക്ക് ആനുപാതികമായി നൽകിയില്ല.

| | | |
|---|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ | |
| പദ്ധതി | S246/2018 | |
| പദ്ധതി | വനിതാ ക്ഷീരകർഷകർക്ക് തീറ്റപ്പുൽകൃഷിക്ക് ധനസഹായം | |
| അടങ്കൽ | ₹350000 | |
| ചെലവിന്റെ വിശദാംശം<br>ബിൽ നം,തീയതി & തുക | 4/2017-18 തീ 10.01.2018 | ₹176000 |
| | 6/2017-18 തീ 26.02.2018 | ₹44000 |
| | 8/2017-18 തീ 22.03.2018 | ₹10000 |

നഗരസഭയിലെ വനിതാ ക്ഷീരകർഷകർക്ക് തീറ്റപ്പുൽകൃഷിക്ക് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം ₹2000/- നിരക്കിൽ 117 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 20 സെന്റ് യൂണിറ്റുകളായി 100 സെന്റ് വരെ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് സ്ഥല വിസ്തൃതിക്കാനുപാതികമായി പരമാവധി ₹8000/-യുടെ ആനുകൂല്യം വിതരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017 ലെ സ.ഉ(കൈ) 80/2017യിലെ ഖണ്ഡിക 8.2 ക്രമ നം 10 പ്രകാരമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി സബ്സിഡി നൽകുന്നതിന് ഭവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 ധനസഹായം ഗുണഭോക്താക്കൾക്ക് കൈമാറിയ രേഖ ഹാജരാക്കിയില്ല

തൻ വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്ന വിവിധ പദ്ധതികളിൽ ധനസഹായ തുക വിവിധ ആപ്കോസ് സൊസൈറ്റികൾക്ക് നൽകിയതായി സൂചിപ്പിക്കുന്ന രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സൊസൈറ്റികളുടെ അക്കൗണ്ടിൽ നിന്നും ക്ഷീരകർഷകർക്ക് നേരിട്ടോ ബാങ്ക് അക്കൗണ്ട് മുഖാന്തിരമോ ധനസഹായ തുക കൈമാറിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നം 205/2018 | | പദ്ധതി നം 359/2018 | | |
|---|---|---|---|---|
| ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | | ക്ഷീര കർഷകർക്ക് വേനൽകാല ഇൻസെന്റീവ് | | |
| ബിൽ നം 3/2017-18 തീ 27.12.2017 | 1000000 | ബിൽ നം 7/2017-18 തീ 22.03.2018 | 500000 | |
| ആപ്കോസ് | തുക ₹ | തുക ₹ | ആപ്കോസ് അക്കൗണ്ട് നമ്പർ | ബാങ്ക് |
| കൊച്ചുതോവാള | 75222 | 47400 | 352802010010532 | യു.ബി.ഐ കട്ടപ്പന |
| വള്ളക്കടവ് | 11370 | 15300 | 352802010010543 | യു.ബി.ഐ കട്ടപ്പന |
| പാറക്കടവ് | 155575 | 87500 | 352802010010548 | യു.ബി.ഐ കട്ടപ്പന |
| നിർമലാ സിറ്റി | 240789 | 15281 | 352802010012307 | യു.ബി.ഐ കട്ടപ്പന |
| കുന്തളംപാറ | 40104 | 21777 | 352802010010550 | യു.ബി.ഐ കട്ടപ്പന |
| നാങ്ക്തൊട്ടി | 32629 | 83325 | 352802010003623 | യു.ബി.ഐ കട്ടപ്പന |
| വലിയകണ്ടം | 49131 | 25323 | 352802010024705 | യു.ബി.ഐ കട്ടപ്പന |
| പുളിന്മല | 9345 | 31500 | 3528020210014691 | യു.ബി.ഐ കട്ടപ്പന |
| നരിയമ്പാറ | 78032 | 53905 | 67080990641 | എസ്.ബി.ഐ കട്ടപ്പന |

| | | | | |
|---|---|---|---|---|
| നത്ത്കല്ല് | 307803 | 118689 | 67087438854 | എസ്.ബി.ഐ കട്ടപ്പന |

ആയതിനാൽ ₹1500000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് തുക കൈമാറിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/26.02.19)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 കൃഷി ഓഫീസർ ഫയലുകൾ ലഭ്യമാക്കിയില്ല

തൻ വർഷം കൃഷി ഓഫീസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ ഫയലുകൾ രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും(റിക്വിസിഷൻ നം.1/25.02.19, കാരണം കാണിക്കൽ നോട്ടീസ് തീയതി.26.02.2019)പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം., പേര് | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | S006/2018 വനിതകൾക്ക് പച്ചക്കറി തൈ വിതരണം | 500380 | വികസന ഫണ്ട് പൊതു വിഭാഗം |
| 2 | S204/2018 വനിതകൾക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | 891000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ | 1391380 | |

ഫയലുകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ച ₹1391380/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-4 വായ്പ/വായ്പാതിരിച്ചടവ്

വായ്പ രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യമായ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ KURDFC,

ജവഹർ ഭവനപദ്ധതി വായ്പകളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി/ വായ്പ തുക | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ-1577/15/ ത.സ്വ.ഭ.വ തീയതി 27.5.15 25000000 | 16640000/- | ലഭ്യമല്ല | 0 | 3500000/- | 0 | ലഭ്യമല്ല |
| മുനിസിപ്പാലിറ്റി ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതി | ജി.ഒ-1407/14/ ത.സ്വ.ഭ.വ തീയതി 5.6.14 20000000<br>ജി.ഒ-2463/15/ ത.സ്വ.ഭ.വ തീയതി 10.8.15 25000000 | 36835008 | ലഭ്യമല്ല | 0 | 6966718/- | 152027 | ലഭ്യമല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

–ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

–ഇല്ല–

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

-ഇല്ല-

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹21,39,79,460/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹18,75,61,498/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ₹30000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹69749/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4391380/- |

## (ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 30000 | -- | 15000/-ശ്രീ കെ. കൃഷ്ണകുമാർ, സെക്രട്ടറി<br>15000/-ശ്രീമതി.വസന്തകുമാരി വി.എൻ, കാഷ്യർ |
| 3-1 | -- | 41596 | ശ്രീ കെ. കൃഷ്ണകുമാർ, സെക്രട്ടറി |
| 3-2 | -- | 28153 | ശ്രീ കെ. കൃഷ്ണകുമാർ, സെക്രട്ടറി |
| ആകെ | 30000 | 69749 | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 15,00,000 | ശ്രീ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 3-12 | 15,00,000 | ശ്രീ ലാൽജി മാത്യു, വെറ്ററിനറി സർജൻ |
| 3-13 | 1391380 | ശ്രീമതി ബോൺസി ജോസഫ്, കൃഷി ഓഫീസർ |
| ആകെ | 4391380 | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ കെ. കൃഷ്ണകുമാർ, സെക്രട്ടറി | കൊല്ലം കോർപ്പറേഷൻ | ഗ്രീൻഗേറ്റ്<br>ഹൗസ് നം.78,ജയൻനഗർ<br>ഓലയിൽ, തേവള്ളി<br>കൊല്ലം-691009 |
| ശ്രീമതി ബോൺസി ജോസഫ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കട്ടപ്പന നഗരസഭ | കയ്യൂന്നപ്പാറയിൽ<br>വലിയതോവാള.പി.ഒ<br>കട്ടപ്പന-685514 |
| ശ്രീമതി വസന്തകുമാരി വി.എൻ,<br>കാഷ്യർ | സീനിയർ ക്ലർക്ക്<br>കട്ടപ്പന നഗരസഭ | വാഴേപ്പുരയ്ക്കൽ<br>കുടയത്തൂർ പി.ഒ<br>കോളപ്ര |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽ വിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ. കൃഷ്ണകുമാർ, സെക്രട്ടറി | കൊല്ലം കോർപ്പറേഷൻ | ഗ്രീൻഗേറ്റ്<br>ഹൗസ് നം.78,ജയൻനഗർ<br>ഓലയിൽ, തേവള്ളി<br>കൊല്ലം-691009 |
| ഡോ.ലാൽജി മാത്യു<br>വെറ്ററിനറി സർജൻ | ജില്ലാ പൗൾട്രി ഫാം<br>കോലാനി, തൊടുപുഴ | അറുകാക്കൽ<br>വണ്ടമറ്റം പി.ഒ<br>ഇടുക്കി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ നം. |
|---|---|---|---|
| 1.11.2015 മുതൽ<br>31.3.2016 വരെ | നം.കെ.എസ്.എ.ഐ.ഡി.കെ.4/1202/2016<br>തീയതി 3.9.2016 | 3 | 2-1, 3-1, 3-2 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.4/1279/2017<br>തീയതി 03.10.2017 | 14 | 2-1മുതൽ 2-8 വരെ<br>3-2 മുതൽ 3-7 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-4/159/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തിയതി:26.03.2019
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി